സമ്പൂർണ്ണ വൈദ്യുതീകരണം

55 (422) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) കേരളത്തിലെ എല്ലാ വീടുകളിലും ഗുണമേന്മയുള്ള വൈദ്യുതി കുറഞ്ഞ ചെലവിൽ എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുക, പ്രവൃത്തികൾ നടപ്പിലാക്കുക, പുരോഗതി നിരീക്ഷിക്കുക, അവലോകനം ചെയ്യുക എന്നീ ഉദ്ദേശങ്ങൾക്കായി ചീഫ് എഞ്ചിനീയർ, CAPS (Centrally Aided Projects & Safety)-ന്റെ നേതൃത്വത്തിൽ ഒരു ഓഫീസ് സജ്ജീകരിച്ചിട്ടുണ്ട്.

കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ

56(423) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂപ്പത്തിയഞ്ച് സെന്റ് ഭൂമിയിൽ കുറവുള്ള ചെറുകിട കൃഷിക്കാർക്ക് കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി, 35 സെന്റ് ഭൂമിയിൽ കുറവുള്ള കർഷകർക്ക് കാർഷിക വൈദ്യുതി കണക്ഷൻ പ്രത്യേക താരീഫോടെ നിശ്ചയിച്ചു നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 5 സെന്റിനുമുകളിലുള്ള വെറ്റിലക്കൊടി കൃഷിക്കാർക്കും 10 സെന്റിനുമുകളിലുള്ള പച്ചക്കറി കൃഷിക്കാർക്കും 30 സെന്റിനുമുകളിലുള്ള കാർഷിക വിളകൾക്കും നിലവിലുള്ള സപ്ലൈകോഡ് ചട്ടങ്ങളുടെയും സർക്കാരിന്റെയും വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റേയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും കൃഷി ആഫീസറുടെ സാക്ഷ്യപത്രത്തോടുകൂടിയും കാർഷിക കണക്ഷനുകൾ വൈദ്യുതി ബോർഡ് ലിമിറ്റഡ് നൽകി വരുന്നു എന്നതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആദിവാസി കോളനിയിലെ ഷോക്കേറ്റുള്ള മരണം

57 (424) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പിന്റെ അനാസ്ഥമൂലം മറയൂർ ആദിവാസികോളനിയിലെ മൂന്നു സ്ത്രീകൾ ഷോക്കേറ്റ് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകട സാധ്യത വൈദ്യുത ബോർഡിനെ അറിയിച്ചിട്ടും ഉചിതമായ നടപടി യഥാസമയം സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ ; ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) അപകടത്തിൽ ഷോക്കേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വകുപ്പ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത് ;

(ഡി) മരിച്ചവരുടെ ആശ്രിതർക്ക് പരമാവധി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മറയൂർ ആദിവാസി കോളനിയിലെ മൂന്നു സ്ത്രീകൾ 28-10-2015-ൽ ഷോക്കേറ്റു മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളിവാസൽ പവർ ഹൗസിൽനിന്നും മാങ്കുളം ഭാഗത്തേക്കു പോകുന്ന 11 കെ. വി. കല്ലാർ ഫീഡറിന്റെ പ്രസ്തുത ലൊക്കേഷനിൽ ഇടിമിന്നലിനെ തുടർന്ന് പിൻ ഇൻസുലേറ്റർ തകരാറിലായതാണ് ടി അപകടത്തിനു കാരണം.

LIBRARY ARCHIVES Kerala Legislative Assembly